**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 115** **07-10-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എയ്ഡ് പോസ്റ്റിൽ അധിക പോലീസിനെ നിയമിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള പോലീസ് എയ്ഡ് പോസ്റ്റിൽ ഇരുപത്തിനാല് മണിക്കൂറും ഡ്യൂട്ടിയ്ക്ക് പോലീസിനെ നിയമിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള പോലീസ് എയ്ഡ് പോസ്റ്റിലേക്ക് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ നിന്നും രാവിലെ എട്ട് മണി മുതൽ രാത്രി എട്ട് മണി വരെ ഒരു പോലീസുദ്യോഗസ്ഥനെ എല്ലാ ദിവസവും നിയോഗിച്ചു വരുന്നു. നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ പരിധിയിൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ , ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, നിരവധി സ്കൂളുകൾ, മിനി സിവിൽ സ്റ്റേഷൻ എന്നിവയ്ക്ക് പുറമേ തിരുവനന്തപുരത്ത് നിന്നും നാഗർകോവിലേക്കുള്ള തിരക്കേറിയ പ്രധാന പാതയും കടന്ന് പോകുന്നു. ഇവിടെയല്ലാം പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി ദൈനംദിന ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്. രാത്രികാല നിരീക്ഷണം നടത്തുന്നതിനും പോലീസ് പട്രോളിംഗ് വാഹനങ്ങൾ കൃത്യമായ ഇടവേളകളിൽ ടി ആശുപത്രി സന്ദർശിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ദിനംപ്രതി നാലായിരത്തിലധികം പേർ വന്നു പോകുന്ന ആശുപത്രിയിൽ സുരക്ഷാക്രമീകരണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി അധിക പോലീസിനെ ഇരുപത്തിനാല് മണിക്കൂറും നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള പോലീസ് എയ്ഡ് പോസ്റ്റിലേക്ക് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ നിന്നും രാവിലെ എട്ട് മണി മുതൽ രാത്രി എട്ട് മണി വരെ ഒരു പോലീസുദ്യോഗസ്ഥനെ എല്ലാ ദിവസവും നിയോഗിച്ചു വരുന്നു. നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ പരിധിയിൽ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ, റെയിൽവേ സ്റ്റേഷൻ , ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, നിരവധി സ്കൂളുകൾ, മിനി സിവിൽ സ്റ്റേഷൻ എന്നിവയ്ക്ക് പുറമേ തിരുവനന്തപുരത്ത് നിന്നും നാഗർകോവിലേക്കുള്ള തിരക്കേറിയ പ്രധാന പാതയും കടന്ന് പോകുന്നു. ഇവിടെയല്ലാം പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി ദൈനംദിന ക്രമസമാധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്. രാത്രികാല നിരീക്ഷണം നടത്തുന്നതിനും പോലീസ് |

| | | | |
|---|---|---|---|
| | | | പട്രോളിംഗ് വാഹനങ്ങൾ കൃത്യമായ ഇടവേളകളിൽ ടി ആശുപത്രി സന്ദർശിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ